**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 955** **14-01-2021 - ൽ മറുപടിയ്ക്ക്**

**ആലുവയിലെ പുതിയ ജലശുദ്ധീകരണ പ്ലാന്റും പമ്പ് ഹൗസും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോൺ ഫെർണാണ്ടസ് | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കൊച്ചി നഗരത്തിലേയും ആലുവ, കളമശേരി, തൃക്കാക്കര, ഏലൂർ, മരട് തുടങ്ങിയ മുൻസിപാലിറ്റികളിലേയും കുമ്പളം, കുമ്പളങ്ങി, ചെല്ലാനം വാരാപ്പുഴ, ചേരാനല്ലൂർ, കടമക്കുടി, മുളവുകാട്, എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം, കീഴ്മാട്, എടത്തല, ചൂർണ്ണിക്കര തുടങ്ങിയ പഞ്ചായത്തുകളിലേയും കുടിവെള്ളക്ഷാമത്തിന് പരിഹാരമായി ആലുവയിൽ പുതിയ ജലശുദ്ധീകരണ പ്ലാന്റും പമ്പ് ഹൗസും സ്ഥാപിക്കുന്നതിനായി അർബൻ വാട്ടർ സപ്ലൈ സ്കീമിൽ അടങ്കൽ തുക 300 കോടി രൂപയുടെ പദ്ധതിയിൽ 05.10.2019 ലെ ജലവിഭവവകുപ്പിന്റെ 710/2019 ഉത്തരവ് പ്രകാരം 50 കോടി രൂപ അനുമതി നല്കിയിട്ടുള്ള കുടിവെള്ള പദ്ധതിയുടെ തൽസ്ഥിതി വിശദമാക്കാമോ; | (എ) | കൊച്ചി കോർപ്പറേഷൻ, 5 സമീപ മുനിസിപ്പാലിറ്റികൾക്കും 13 പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി പുനരുദ്ധാരണത്തിനായി ജി.ഒ. (ആർ.ടി.) നമ്പർ 710/2019/WRD പ്രകാരം 05.10.2019-ന് 50 കോടി രൂപ അനുവദിക്കുകയുണ്ടായി. പുതിയ ശുദ്ധീകരണശാല സ്ഥാപിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള സ്ഥലത്തെ 1050 എം.എം ന്റെയും 900 എം.എംന്റെയും ജലവിതരണ കുഴലുകൾ മാറ്റിയിടുന്നതിനും പ്രസ്തുത സ്ഥലത്ത് സ്ഥിതി ചെയ്യുന്ന സ്റ്റാഫ് ക്വാർട്ടേഴ്സ് മാറ്റി പണിയുന്നതിനുമാണ് പ്രസ്തുത തുക അനുവദിച്ചിട്ടുള്ളത് . ഈ രണ്ടു പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കി ദർഘാസ് ക്ഷണിച്ചതിനെ തുടർന്ന് ലഭ്യമായ ടെണ്ടറുകൾക്ക് അംഗീകാരം നൽകി പ്രവൃത്തികൾ ഉടനെ ആരംഭിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | ഈ പദ്ധതിയുടെയും ശുദ്ധീകരണശാലയുടേയും അനുബന്ധപ്രവർത്തനങ്ങൾക്കായി 250 കോടി രൂപ കൂടി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ അനുബന്ധ പ്രവർത്തനങ്ങൾക്കുള്ള വിശദ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. 267.30 കോടി രൂപയാണ് ചെലവ് കണക്കാക്കുന്നത് . |
| (സി) | ഈ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി ആലുവ കേന്ദ്രമാക്കി സ്റ്റാഫുകളെ റീഡിപ്ലോയ്മെന്റ് ചെയ്ത് പ്രൊജക്റ്റ് ഡിവിഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യം ആവശ്യപ്പെട്ട് 03.08.2020 ന് നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (സി) | പെരുമ്പാവൂർ പ്രോജക്റ്റ് ഡിവിഷനാണ് ഈ പദ്ധതിയ്ക്കുള്ള നടത്തിപ്പ് ചുമതല ഇപ്പോൾ നിർവ്വഹിക്കുന്നത് . നിലവിൽ പ്രോജക്റ്റ് ഡിവിഷൻ പെരുമ്പാവൂരിന്റെ കീഴിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഒന്നും ഇല്ലാത്തതിനാൽ ഈ പദ്ധതിയുടെ പ്രാഥമിക ഘട്ടമായി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 50 കോടി രൂപയുടെ ഭരണാനുമതി നൽകി ക്രമീകരിക്കുന്ന പ്രവൃത്തികൾ മേൽ ഡിവിഷനെ ഏൽപ്പിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്യു. മറ്റു പ്രവൃത്തികൾ ഇല്ലാത്തതിനാൽ പ്രൊജക്റ്റ് ഡിവിഷൻ പെരുമ്പാവൂരിന്റെ നിലവിലെ മാനവ ശേഷി ഉപയോഗിച്ച് തന്നെ ഈ പ്രവൃത്തി നടപ്പിലാക്കുവാൻ സാധിക്കും. സർക്കാരിൽ ലഭിച്ച 03.08.2020 തീയതിയിലെ കത്ത് പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ